**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 990** **12-06-2024 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ കഴിഞ്ഞ 7 വർഷത്തിനിടയിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ; | (എ) | പാമ്പുകടിയേറ്റും, തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റും മറ്റു വന്യമൃഗങ്ങൾ മൂലവും 716 പേർ മരണപ്പെട്ടിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം ഒന്നായി ചേർക്കുന്നു. |
| (ബി) | വന്യജീവി ആക്രമണം തടയുന്നതിന് മാത്രമായി കഴിഞ്ഞ 7 വർഷങ്ങളിൽ എത്ര തുക നീക്കി വച്ചു; എത്ര തുക ചെലവഴിച്ചു; കേന്ദ്രത്തിൽ നിന്നും എത്ര തുക ലഭിച്ചു; അതിൽ എത്ര തുക ചെലവഴിച്ചു; കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | കഴിഞ്ഞ 7 വർഷങ്ങളിൽ മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിനായി കേന്ദ്ര, സംസ്ഥാന പദ്ധതികളിലായി വകയിരുത്തിയതും ചെലവിട്ടതുമായ തുകയുടെ വിവരങ്ങൾ അനുബന്ധം രണ്ടായി ചേർക്കുന്നു. |
| (സി) | മനുഷ്യരുടെ ജീവനും ഉപജീവനമാർഗ്ഗങ്ങൾക്കും സംരക്ഷണം നൽകാൻ കഴിയാത്ത വിധം വനം വകുപ്പ് ദുർബലമായിപ്പോയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | മതിയായ ജീവനക്കാരില്ലാത്തതും ശാസ്ത്രീയ പ്രതിരോധ സംവിധാനങ്ങൾ ഒരുക്കാൻ കഴിയാത്തതുമാണ് ഈ സർക്കാരിന്റെ കാലത്ത് മനുഷ്യ- വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നതിന് ഇടയായതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | മതിയായ എണ്ണം ജീവനക്കാരില്ലാത്തതും, ശാസ്ത്രീയ പ്രതിരോധ സംവിധാനങ്ങളൊരുക്കാൻ കഴിയാത്തതുമാണ് മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വർദ്ധിക്കുന്നതിന് ഇടയാകുന്നതെന്ന വിലയിരുത്തലില്ല. റോഡുകൾ അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വന്യമൃഗങ്ങളുടെ ആവാസ മേഖലകൾ ചെറുകഷണങ്ങളായി മുറിഞ്ഞു പോകാൻ ഇടയാക്കിയതും വനമേഖലയോടു ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലെ കാർഷിക വിളകളുടെ കൃഷി സമ്പ്രദായം മാറുകയും കരിമ്പ്, വാഴ, പൈനാപ്പിൾ, കുരുമാവ് പോലുള്ള വാണിജ്യവിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാൻ ആരംഭിച്ചതും, പരമ്പരാഗത ആനത്താരകളിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിർമ്മിത തടസ്സങ്ങളും, കാലാവസ്ഥാ വ്യതിയാനവും വനമേഖലയോടു ചേർന്നുള്ള പ്രദേശങ്ങളിൽ അറവുമാലിന്യം ഉൾപ്പെടെയുള്ള മാലിന്യനിക്ഷേപവും വന്യമൃഗങ്ങളെ ജനവാസ മേഖലയിലേക്ക് ആകർഷിക്കുന്നുണ്ട്. ഇതിനു പുറമേ ജനങ്ങളിൽ അനാവശ്യഭീതി ഉളവാക്കുന്ന |

| | | | |
|---|---|---|---|
| | | | അതിശയോക്തി കലർന്ന വാർത്തകളും ആയവയിലൂടെയുണ്ടാകുന്ന തെറ്റിദ്ധാരണമൂലം വന്യമൃഗങ്ങളെ പ്രകോപിപ്പിക്കുന്നതരം പ്രവർത്തികളും പലപ്പോഴും അപകടം വിളിച്ചുവരുത്തുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം പരമാവധി ലഘൂകരിക്കാൻ ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പ്രതിരോധ-നിരീക്ഷണ പ്രവർത്തനങ്ങൾ വനം വകുപ്പ് നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| വർഷം | വന്യമൃഗങ്ങൾ കാരണം ഉണ്ടായിട്ടുള്ള മരണങ്ങൾ |
|---|---|
| 2018 | 134 |
| 2019 | 100 |
| 2020 | 100 |
| 2021 | 127 |
| 2022 | 111 |
| 2023 | 106 |
| 2024* | 38 |
| **ആകെ** | **716** |

*07-06-2024 വരെ

അനുബന്ധം-2

*തുക ലക്ഷം രൂപയിൽ*

| സംസ്ഥാന വിഹിതം | ചെലവഴിച്ച തുക | കേന്ദ്ര വിഹിതം | ചെലവഴിച്ച തുക |
|---|---|---|---|
| 15,512.75 | 14,772.35 | 4,612.43 | 3,937.75 |